പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 982

02.12.2015 -ലെ മറുപടിയ്ക്ക്

## മൂന്നാറിലെ തോട്ടം തൊഴിലാളി സമരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) മൂന്നാറിലെ തോട്ടം തൊഴിലാളി സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു;വിശദാംശങ്ങൾ നൽകുമോ; | (എ) M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി) കമ്പനിയുടെ ഉടമസ്ഥതയിൽ മൂന്നാറിൽ പ്രവർത്തിച്ചുവരുന്ന വിവിധ തേയിലത്തോട്ടങ്ങളിലെ തൊഴിലാളികളുടെ 2014-15 വർഷത്തെ ബോണസ്സ് സംബന്ധിച്ച് ഉണ്ടായിരുന്ന തർക്കം ബഹു. മുഖ്യമന്ത്രി 13.09.2015 തീയതിയിൽ വിളിച്ചു ചേർത്ത ബന്ധപ്പെട്ട കക്ഷികളുടെ യോഗത്തിൽ ഒത്തുതീർപ്പായി. ഒത്തുതീർപ്പു വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരമാണ്.<br>1) M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ ലിമിറ്റഡ് (കെ.ഡി.എച്ച്.പി) മൂന്നാറിലെ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 2014-15 വർഷത്തേക്ക് ബോണസ് നിയമപ്രകാരം 8.33% ബോണസും കൂടാതെ 11.67% തുക എക്സ്ഗ്രേഷ്യയായും സ്പെഷ്യൽ കേസായി നൽകുന്നതാണ്. (ആകെ 20 ശതമാനത്തിന് തുല്യമായ തുക)<br>2) ടി തുക 21.09.2015 തീയതിയിലോ അതിന് മുമ്പോ വിതരണം നടത്തുന്നതാണ്.<br>3) തൊഴിലാളികൾ ഉന്നയിച്ച വേതന വർദ്ധനവ് ഉൾപ്പെടെയുള്ള ഇതര വിഷയങ്ങൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.<br>4) 1951-ലെ തോട്ടം തൊഴിലാളി നിയമപ്രകാരവും മറ്റ് തൊഴിൽ നിയമപ്രകാരവും തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള നിയമലംഘനങ്ങൾ സംബന്ധിച്ച് പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ അടിയന്തിരമായി പരിശോധന നടത്തി |

ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ തോട്ടം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാനത്ത് നടന്ന തോട്ടം തൊഴിലാളി സമരം 14.10.2015 തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ വെച്ച് ഒത്തുതീർപ്പായി. ഇതുപ്രകാരമുള്ള തൊഴിലാളികളുടെ വേതനവർദ്ധനവ് സംബന്ധിച്ചുള്ള വ്യവസ്ഥകൾ ചുവടെ പറയും പ്രകാരമാണ്. തേയിലത്തോട്ടം തൊഴിലാളികളുടെ വേതനം 232 രൂപയിൽ നിന്നും 301 രൂപയായി വർദ്ധിപ്പിച്ചു. ഏലത്തോട്ടം തൊഴിലാളികളുടെ വേതനം 267 രൂപയിൽ നിന്നും 330 രൂപയാക്കി വർദ്ധിപ്പിച്ചു. റബ്ബർത്തോട്ടം തൊഴിലാളികളുടെ വേതനം 317 രൂപയിൽ നിന്നും 381 രൂപയാക്കി.

(ബി) പ്രസ്തുത വ്യവസ്ഥകളും തീരുമാനങ്ങളും പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കിയവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ബോണസ് സംബന്ധിച്ച് ഒത്തുതീർപ്പ് നടപ്പിലായി 20% ബോണസ് തൊഴിലാളികൾക്ക് വിതരണം ചെയ്തു. വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമായി.

(സി) ഇനി നടപ്പിലാക്കേണ്ടതുമായ തീരുമാനങ്ങൾ എന്തൊക്കെയാണെന്നും അവ നടപ്പിലാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

(സി) ബോണസ്, വേതനവർദ്ധനവ് എന്നിവ ഒഴികെയുള്ള മറ്റ് വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനം ആകേണ്ടതുണ്ട്. ആയത് തീരുമാനമാകുന്ന മുറയ്ക്ക് ടി തീരുമാനങ്ങൾ നടപ്പിലാക്കാത്ത തൊട്ടമുടമകൾക്കെതിരെ 1951-ലെ പ്ലാന്റേഷൻ തൊഴിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ